31/01/22

..TCHED
14/2/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 1513(2)/2016/എസ്.ഐ.സി.തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നമ്പർ 8035/എസ്.ഐ.സി-ജി 6/2016)**

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സുലൈമാൻകുഞ്ഞ്,
തെക്കേ മണ്ണുക്കുന്നിൽ,
ചേരാവള്ളി മുറി, കായകുളം വില്ലേജ്,
ആലപ്പുഴ. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   കാർത്തികപ്പള്ളി താലൂക്ക് ഓഫീസ്,
   ഹരിപ്പാട് (പി.ഒ), ആലപ്പുഴ - 690 514.
2. അപ്പീൽ അധികാരി & തഹസിൽദാർ,
   താലൂക്കാഫീസ്, കാർത്തികപ്പള്ളി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 01/02/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14/03/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 31/03/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 21/04/2016 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 30/06/2016 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 01/07/2016 |
| ഹിയറിംഗ് നടന്ന തീയതി | 01/02/2022- ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. സുലൈമാൻകുഞ്ഞ്, 30/06/2016 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 01/07/2016 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1513(2)/2016/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹരജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 01/02/2016 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. ടിയാന്റെ പിതാവ് കൊച്ചുകുഞ്ഞ് കമ്മതിന്റെ പേരിൽ 1581-ാം നമ്പർ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ചേരാവള്ളി മുറിയിൽ മണ്ണുക്കുന്നിൽ ടി കൊച്ചു കുഞ്ഞിമമ്മതിന്റെ പേരിൽ തണ്ടപ്പേർ 255 മുൻ സർവേ 520-ൽപ്പെട്ട 12 സെന്റ് വസ്തുവിന്റെ കരം 20.01.1994 വരെ കായംകുളം വില്ലേജ് ഓഫീസിൽ അടച്ചിട്ടുള്ളതാണെന്നും, മേൽപ്പടി വസ്തുപെട്ടക്കന്നേത് കുടംബത്തിൽപ്പെട്ട വേണുഗോപാൽ, ഗോപകുമാർ മുതലായവരുടെ പേരിൽ എന്ത് കാരണത്താൽ ഏത് രേഖയുടെ അടിസ്ഥാനത്തിൽ റി. സ. പ്രകാരം തണ്ടപ്പേർ നമ്പർ 8919-ൽ ചേർത്തു കൊടുത്തുവെന്നും
2. മേൽപ്പടി വസ്തുവിന്റെ കരം അടക്കുന്നത് ആരാണെന്നും എന്ന് മുതൽ എന്ന് വരെ കരം അടച്ചിട്ടുണ്ടെന്നും
3. ടി 520-ൽപ്പെട്ട 12 സെന്റ് വസ്തു പൊട്ടക്കന്നേത്ത് കുടുംബത്തിൽപ്പെട്ട ആരുടെയെല്ലാം പേരിൽ ആണെന്നും മറ്റുമായി 6 ഇനങ്ങളിലുള്ള ചോദ്യങ്ങളാണ്.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 14/03/2016-ന് ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 31/03/2016 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പടി അപ്പീൽ ഹർജിക്ക് 21/04/2016-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 26/07/2016 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ പിതാവ് ശ്രീ. കൊച്ചുകുഞ്ഞ് കമ്മദിന്റെ പേരിൽ 1994 വരെ കായംകുളം വില്ലേജ് ഓഫീസിൽ മുൻസർവെ 520-ൽപ്പെട്ട 12 സെന്റ് വസ്തുവിന് കരം അടച്ചിട്ടുള്ളതാണെന്നും, ടി വസ്തു പൊട്ടക്കണ്ണേത്ത് കുടുംബത്തിൽപ്പെട്ട ഗോപകുമാർ മുതലായവരുടെ പേരിൽ എന്ത് രേഖയുടെ കാരണത്താൽ റീസർവ്വെ പ്രകാരം തണ്ടപ്പേർ ചേർത്തു(8919) നൽകിയെന്നുമാണ് ടിയാന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ ഒന്നാം ചോദ്യത്തിന് റീസർവ്വെ നടപ്പിലാക്കിയ വില്ലേജുകളിൽ സർവ്വെ ഡിപ്പാർട്ട്മെന്റ്, രേഖകൾ തയ്യാറാക്കി ഭരണ നിർവ്വഹണത്തിനായി റവന്യൂ ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിച്ച രേഖകൾ മാത്രമേ ലഭ്യമാകൂ എന്നും, പ്രസ്തുത രേഖകൾ തയ്യാറാക്കുവാൻ ഏതെല്ലാം കാര്യങ്ങളാണ് അടിസ്ഥാനമാക്കിയിട്ടുള്ളതെന്നും എന്നറിയുവാൻ ആലപ്പുഴ ജില്ലാ സർവ്വെ സൂപ്രണ്ട് ഓഫീസുമായോ, അസിസ്റ്റന്റ് ഡയറക്ടർ, റീസർവ്വെ ചെങ്ങന്നൂരിന്റെ ഓഫീസുമായോ ബന്ധപ്പെടുവാൻ എസ്.പി.ഐ.ഒ ആന്റ് ഡെപ്യൂട്ടി തഹസിൽദാർ(എച്ച്.ക്യൂ) മറുപടി നൽകിയതായി കാണുന്നുവെന്നും, നിലവിൽ ടി വസ്തുവിന്റെ കരം ആരാണ് അടയ്ക്കുന്നത് എന്നുമുതൽ എന്നുവരെ എന്ന 2-ാം ചോദ്യത്തിന് ആയത് സംബന്ധിച്ച് ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ പ്രത്യേകം അപേക്ഷ നൽകി വിവരം ലഭ്യമാക്കുവാൻ എസ്.പി.ഐ.ഒ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും, ടി 520-ൽപ്പെട്ട 12 സെന്റ് വസ്തു പൊട്ടക്കണ്ണേത്ത് കുടുംബത്തിൽപ്പെട്ട ആരുടെ എല്ലാം പേരിലാണ് കൂട്ടി കൊടുത്തിട്ടുള്ളതെന്ന 3-ാമത്തെ ചോദ്യത്തിന് വസ്തു പോക്കുവരവുമായി ബന്ധപ്പെട്ട വിവരങ്ങൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കുവാൻ എസ്.പി.ഐ.ഒ നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

പൊട്ടക്കണ്ണേത്ത് കുടുംബത്തിൽപ്പെട്ട ആരെല്ലാം ചേർന്ന് ഏത് രേഖയുടെ അടിസ്ഥാനത്തിൽ ടി 12 സെന്റ് വസ്തു പൈറ്റയിൽ ധന്യ വീട്ടിൽ ജോൺ മത്തായിയുടെ പേരിൽ വിലയാധാരം നൽകി എന്ന ചോദ്യത്തിന് വിലയാധാരം ആര് എഴുതികൊടുത്തു എന്നത് സംബന്ധിച്ച് വിവരങ്ങൾ ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും ലഭ്യമാക്കുവാൻ അപേക്ഷകന് എസ്.പി.ഐ.ഒ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മേൽ വസ്തുവിനെ സംബന്ധിച്ച് ടിയാൻ നൽകിയ അപേക്ഷയിന്മേൽ എന്തു അന്വേഷണം നടത്തിയെന്നും ടി വസ്തു കൃത്രിമ മാർഗ്ഗത്തിൽ കൂടി ടി പൊട്ടക്കണ്ണേത്ത് കുടുംബത്തിൽപ്പെട്ടവർക്ക് പേരിൽ കൂട്ടി കൊടുത്തത് സംബന്ധിച്ച് ആരുടെയെല്ലാം പേരിൽ എന്ത് നടപടി സ്വീകരിച്ചു എന്നുമുള്ള 5-ാം ചോദ്യത്തിന് അപേക്ഷകൻ വസ്തു പോക്കുവരവിനായി

ബോധിപ്പിച്ച അപേക്ഷയോടൊപ്പം നിർദ്ദിഷ്ട വസ്തുവിൽ അവകാശം തെളിയിക്കുന്നതി നായി സെറ്റിൽമെന്റ് രജിസ്റ്ററിലെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് മാത്രമാണ് ഹാജരാക്കി യിട്ടുള്ളതെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കു വാൻ കഴിയുന്നതല്ല എന്നും എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതാണെന്നും എന്ത് കാരണത്താലാണ് ടി വസ്തു റീസർവ്വെ പ്രകാരം ശ്രീ. കൊച്ചു കുഞ്ഞ് കമ്മദിന്റെ പേരിൽ കൂട്ടി നൽകാത്തത് എന്ന വിശദമായ വിവരം നൽകണമെന്നാണ് ടി അപേക്ഷ യിലെ 6-ാം ചോദ്യംമെന്നും ഇതിന് മറുപടിയായി വസ്തു പേരിൽക്കൂട്ടി നൽകുന്നതിന് വസ്തുവിൽ അവകാശം ലഭിച്ച ആധാരമോ പട്ടയമോ അവയുടെ അനുബന്ധ രേഖ കളോ ഹാജരാക്കേണ്ടതുണ്ടെന്നും, ആയവ ഹാജരാക്കാത്തതിനാലാണ് പോക്കുവരവ് നടപടികൾ സാധ്യമാകാത്തതെന്നും എസ്.പി.ഐ.ഒ മറുപടി നൽകിയിട്ടുള്ളതായി കാണുന്നുവെന്നുമാണ്.

എസ്.പി.ഐ.ഒ-യുടെ മേൽ മറുപടിയെ തുടർന്ന് ഹർജിക്കാരൻ ടിയാന്റെ പിതാവ് ശ്രീ. കൊച്ചുകുഞ്ഞ് കമ്മദ് എന്ന കക്ഷി പേരിൽ യഥാർത്ഥ രേഖയായ സെറ്റിൽമെന്റ് രജിസ്റ്ററിന്റെ പകർപ്പിന്റെയും 20/01/1994-ലെ കരം ഒടുക്കിയ രസീതിന്റെയും പകർപ്പുകൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ളതാണെന്നും, ആധാരം വസ്തു ക്രയവിക്രയം ചെയ്യുമ്പോൾ ഉണ്ടാക്കുന്ന ഒരു രേഖയും, പട്ടയം ഒരു രേഖയുമില്ലാത്ത കൈവശക്കാ രന് അനുവദിച്ചു നൽകുന്ന രേഖയുമാണെന്നും, സെറ്റിൽമെന്റ് രജിസ്റ്ററിന് നൂറ് വർഷ ത്തിന് മേൽ പഴക്കമുണ്ട് എന്നും, കായംകുളം വില്ലേജ് ഓഫീസിൽ TP-255-ാം തണ്ടപ്പേ രിൽ റീസർവ്വെയ്ക്ക് മുൻപ് വരെ കരം അടച്ചിട്ടുള്ളതാണെന്നും, റീസർവ്വെ പ്രകാരം വസ്തു പേരിൽ കൂട്ടി തരുന്നതിന് എന്ത് അടിസ്ഥാനത്തിലാണ് പുതുതായി ആധാരമോ പട്ടയമോ ആവശ്യപ്പെടുന്നത് എന്നും മറ്റും ആവശ്യപ്പെട്ട് ഒന്നാം അപ്പീൽ സമർപ്പിച്ചിരു ന്നുവെന്നും ടി സെറ്റിൽമെന്റ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പോക്കുവരവ് നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതല്ല എന്നും വസ്തു പേരിൽ കൂട്ടി ലഭിക്കുന്നതിന് വസ്തു വിൽ അവകാശം ലഭിച്ച ആധാരമോ പട്ടയമോ അവയുടെ അനുബന്ധ രേഖകളോ ഹാജ രാക്കണമെന്നും എസ്.പി.ഐ.ഒ ടിയാന്റെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ യ്ക്കുള്ള മറുപടിയിലെ 5, 6 പിരിവുകളിൽ സൂചിപ്പിച്ചിരുന്നുവെന്നും ഇതായിരുന്നു ഒന്നാം അപ്പീലിന് കാരണമായിട്ടുള്ളതെന്നുമാണ്.

ടി വിഷയം സംബന്ധിച്ച് 13.04.2016-ൽ അപേക്ഷകനെ ടി കാര്യാലയത്തിൽ കേട്ടിരു ന്നുവെന്നും, താലൂക്ക് സർവ്വെയർ, ഹെഡ് സർവെയ്യർ എന്നിവർ മുഖേന അന്വേഷണം നടത്തിയ വിഷയമാണിതെന്നുമാണ്.

റീസർവ്വെ നടക്കുന്ന സമയത്ത്, വസ്തുവിന് അവകാശം സിദ്ധിച്ച ആധാരം/ പ്രമാണം/പട്ടയം എന്നിവയും, വസ്തുവിലെ കൈവശവും പരിഗണിച്ചാണ് റീസർവ്വെ നടപടികൾ സ്വീകരിക്കുന്നതെന്നും, നൂറ് വർഷം പഴക്കമുള്ള സെറ്റിൽമെന്റ് രജിസ്റ്റർ എന്നത് ഒരു സർക്കാർ രേഖയാണെന്നും, ആയത് റീസർവ്വെ റിക്കാർഡുകൾ വരുന്നതിന് മുമ്പ് ആദ്യമായി ഒരു വസ്തു ആരുടെ പേരിൽ ആയിരുന്നുവെന്നും അതായത് മുൻ 'ജൻമി' എന്നത് തെളിയിക്കുന്ന ഒരു രേഖ മാത്രമാണെന്നും, റീസർവ്വെ റിക്കാർഡുകൾ ഇംപ്ളിമെന്റ് ചെയ്തതിന് ശേഷം ബേസിക് ടാക്സ് രജിസ്റ്ററിലാണ് (BTR) (അടിസ്ഥാന ഭൂനികുതി രജിസ്റ്റർ) ആണ് ഇപ്രകാരം മുൻ 'ജൻമി'യെപ്പറ്റിയുള്ള വിവരം രേഖപ്പെടുത്തിയിട്ടുള്ളതെന്നും, അതായത്, സെറ്റിൽമെന്റ് രജിസ്റ്ററും അടിസ്ഥാന ഭൂനികുതി രജിസ്റ്ററും, വസ്തുവിന്റെ അവകാശം സിദ്ധിച്ചതിനുള്ള ആധികാരിക രേഖയല്ലയെന്നും, താലൂക്ക് സർവ്വെയർ, ഹെഡ് സർവ്വെയർ എന്നിവർ മുഖേന അന്വേഷണം നടത്തിയതിൽ പ്രസ്തുത വസ്തുവിൽ അപേക്ഷകൻ അഥവാ അപ്പീൽ കക്ഷിയ്ക്ക് അവകാശം തെളിയിക്കുന്ന യാതൊരു രേഖയും ഹാജരാക്കിയിട്ടില്ലെന്നും വസ്തുവിൽ അപ്പീൽ കക്ഷിയ്ക്ക് കൈവശം ഇല്ലായെന്നും, മേൽ വിവരങ്ങൾ ടി കക്ഷിയെ അറിയിച്ച് 21/04/2016-ലെ നടപടിക്രമം പ്രകാരം ഒന്നാം അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, ഇരുകക്ഷികളെ കേട്ടതിലും, 24/01/2022-ലെ രണ്ടാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരനു നൽകണമെന്നും, പരാതി പരിഹാരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്ന് നിരീക്ഷിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 31-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

AV